| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2103 | 07/12/2015 ൽ മറുപടിക്ക് |
| നിയമോപദേശം തേടിയ കേസുകൾ | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) | |
| (എ) | 2013-14, 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ വിജിലൻസ് വകുപ്പ് നിയമോപദേശം തേടിയ കേസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും (ഡി) യും | 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ അന്വേഷണം പൂർത്തിയാക്കിയ എല്ലാ വിജിലൻസ് കേസുകളിലും നിയമോപദേശം തേടിയിട്ടുണ്ട്. ബാർ കോഴ് കേസ് (വി.സി.06/14/എസ്.ഐ.യു.I ) ഒഴികെ എല്ലാ കേസുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ/ നിയമ വിഭാഗം നിയമോപദേഷ്ടാവ്/ ഉപനിയമോപദേഷ്ടാവ് മുതലായവരാണ് നിയമോപദേശം നൽകിയത്. വി.സി. 06/14/എസ്.ഐ.യു - I കേസിൽ സുപ്രീംകോടതി അഭിഭാഷകരായ സർവ്വശ്രീ.മോഹൻ പരാശരനും, എൽ.നാഗേശ്വര റാവുവുമാണ് നിമോപദേശം നൽകിയത്. ബാർകോഴകേസിൽ നിയമോപദേശം നൽകിയ വകയിൽ 7,70,000/- രൂപയുടെ മെമ്മോ ഓഫ് ഫീസ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ തുക നൽകിയിട്ടില്ല. ഓരോ കേസുകളിലും ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അതാത് കേസുകളിൽ പ്രോസിക്യൂഷൻ നടപടിയോ, ട്രിബ്യൂണൽ എൻക്വയറി ഉൾപ്പെടെയുള്ള വകുപ്പുതല നടപടിയോ കൈക്കൊണ്ടിട്ടുണ്ട്. ബാർകോഴകേസ് അവസാനിപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഓരോ കേസിലും നിയമോപദേശം നൽകിയത് ആരൊക്കെയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത കേസുകളിൽ ഈ വകയിൽ ഉണ്ടായ സാമ്പത്തിക ചെലവ് കേസ് തിരിച്ച് വ്യക്തമാക്കുമോ; | | |
| (ഡി) | പ്രസ്തുത കേസുകളിൽ ഏതൊക്കെ കേസുകളാണ് നിയമോപദേശം ലഭിച്ച ശേഷം അവസാനിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ